LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ മാനുവലിന്റെ നിർമ്മാണം

22 (3581) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാന്റ് ആന്റ് റവന്യൂ വകുപ്പിൽ റവന്യൂ മാനുവൽ നിർമ്മിക്കുന്നതിനായി ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ഓഫീസ് പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രകാലമായി ഈ ഓഫീസ് പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഓഫീസിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട് ;

(ഡി) റവന്യൂ മാനുവലിന്റെ നിർമ്മാണം ഏത് ഘട്ടം വരെ പൂർത്തിയായിയെന്നും എത്ര സമയത്തിനുള്ളിൽ ആയതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-7-1998 മുതൽ പ്രവർത്തിക്കുന്നു.

(സി) 6 (ആറ്).

(ഡി) റവന്യൂ മാനുവലിന്റെ ഒന്നും രണ്ടും വാല്യങ്ങളുടെ കരട് പൂർത്തിയായിട്ടുണ്ട്. മൂന്നും നാലും വാല്യങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതിനുള്ള ശ്രമം തുടരുന്നു.

റീസർവ്വേ പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണം

23 (3582) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ വകുപ്പിൽ റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ഉപകരണങ്ങൾ ഏതൊക്കെ തീയതികളിലാണ് വാങ്ങിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനു ഓരോന്നിനും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും, ഇതിനാവശ്യമായ സോഫ്റ്റ്വെയറുകളും കംപ്യൂട്ടറുകളും അടക്കം മൊത്തം എത്ര കോടി രൂപ ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) ഈ ഉപകരണങ്ങൾ ഉപയോഗിച്ച് റീസർവ്വേ പ്രവർത്തനങ്ങൾ എവിടെയെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സർവ്വേ വകുപ്പിൽ റീസർവ്വേ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടോട്ടൽ സ്റ്റേഷനുകൾ, ജി.പി.എസ്സുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ടോട്ടൽ സ്റ്റേഷനുകൾ 22-1-1998, 10-9-2002, 29-3-2003 എന്നീ തീയതികളിലും ജി.പി.എസ്. 27-3-2001-ലുമാണ് വാങ്ങിയിട്ടുള്ളത്.

(ബി) ടോട്ടൽ സ്റ്റേഷൻ

ചെലവായത്	-	3,79,26,316
ജി.പി.എസ്.	-	59,64,440
സോഫ്റ്റ്വെയറും കംപ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും	-	88,74,700
ആകെ	-	5,27,65,456

(സി) ഈ ഉപകരണങ്ങൾ ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ വിളപ്പായ വില്ലേജിൽ റീസർവ്വേ പൂർത്തിയായി. തവന്നൂർ വില്ലേജിലെ സർവ്വേ പുരോഗതിയിലാണ്. ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിന്റെ 231330 ഹെക്ടർ ഭൂമി സർവ്വേ ചെയ്തു. ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്ന സർവ്വേ ജോലികൾ ചെയ്തു വരുന്നു. കേരള ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ 60 കിലോ മീറ്റർ റോഡ് സർവ്വേ പൂർത്തിയാക്കി. കാസർഗോഡ് താലൂക്കിൽ സർവ്വേ നടപടികൾ ആരംഭിച്ചു.

ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വേയിൽ തെറ്റുകൾ പൊതുവേ കുറവായിട്ടാണ് കാണുന്നത്. കൂടാതെ സർവ്വേ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും കഴിയുന്നുണ്ട്. സർവ്വേ ചെയ്യുന്നതോടൊപ്പം തന്നെ റിക്കാർഡുകളും തയ്യാറാക്കാൻ കഴിയും.

ഏഴിമല നാവിക അക്കാഡമിക്കുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങൾ

24 (3583) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏഴിമല നാവിക അക്കാഡമി നിർമ്മാണത്തിന് വേണ്ടി എത്ര ഭൂവുടമകളുടെ ആകെ എത്ര ഹെക്ടർ സ്ഥലമാണ് ഗവൺമെന്റ് ഏറ്റെടുത്തത് ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കലിൽ ഭൂവുടമകൾക്ക് ഗവൺമെന്റ് നൽകിയ വില കുറവാണ് എന്നും അധിക വില നൽകണമെന്നും ബഹു: ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത ഹൈക്കോടതി വിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly